# കേരള സർവകലാശാല

നം.പി.ആർ.33/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ/വൈവാ വോസി

2018 ഡിസംബറിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം സപ്ലിമെന്ററി) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ (13807) വൈവാ വോസി, പ്രാക്ടിക്കൽ 2019 ഫെബ്രുവരി 18 ന് വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ കരിയർ – റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 2019 ഫെബ്രുവരി 18, 19, 21 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് സമർപ്പണം, വൈവ വോസി എന്നിവ യഥാക്രമം മാർച്ച് 8, 11, 27 തീയതികളിൽ തിരുവനന്തപുരം ഗവ.വിമൻസ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) വൈവാ വോസിയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 ഫെബ്രുവരി 27 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2014 സ്കീം സപ്ലിമെന്ററി – ഫുൾടൈം/റെഗുലർ ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം, 2018 സ്കീം – ഫുൾ ടൈം/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം, 2018 സ്കീം – ഈവനിംഗ് (റെഗുലർ)) ഡിഗ്രി പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. വിദ്യാർത്ഥികളുടെ അറ്റന്റൻസ് റിപ്പോർട്ടുകൾ അതാത് പ്രിൻസിപ്പൽമാർ 2019 ഫെബ്രുവരി 20 ന് മുമ്പായി സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഹാൾടിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്നതാണ്.

2019 ഫെബ്രുവരി 22 ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ റെഗുലർ/സപ്ലിമെന്ററി പരീക്ഷകൾ 2019 മാർച്ച് 1 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 സ്കീം – റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2011 സ്കീം – സപ്ലിമെന്ററി) അഞ്ചാം സെമസ്റ്റർ പരീക്ഷ 2019 ഫെബ്രുവരി 22 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## തീയതി നീട്ടി

2018 – 2019 അക്കാഡമിക് വർഷത്തിലെ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ കോളേജ്മാറ്റത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2019 ഫെബ്രുവരി 22 വരെ നീട്ടിയിരിക്കുന്നു. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ പഠന വിഭാഗം നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.സി.എ, ഒന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് & ബി.സി.എ പ്രോഗ്രാമുകൾക്ക് 2019 ഫെബ്രുവരി 16, 17 തീയതികളിൽ ക്ലാസ് ഉണ്ടായിരിക്കുന്നതല്ല.

## പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ എം.ഫിൽ ഫോട്ടോണിക്സ് 2017 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## പരീക്ഷാഫീസ്

2019 ഏപ്രിൽ 17 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 11 വരെയും 50 രൂപ പിഴയോടെ മാർച്ച് 14 വരെയും 125 രൂപ പിഴയോടെ മാർച്ച് 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മാർച്ച്/ഏപ്രിലിൽ ആരംഭിക്കുന്ന ബി.പി.എ ആന്വൽ സ്കീം മേഴ്സിചാൻസ് (2005, 2006 അഡ്മിഷൻസ്) പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 21 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിന് പുറമേ 5000 രൂപ മേഴ്സി ചാൻസ് ഫീസായി അടയ്ക്കേണ്ടതാണ്.

## റിഫ്രഷർ കോഴ്സ്

യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ 2019 മാർച്ച് 7 മുതൽ 27 വരെ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്ക് വേണ്ടി നടത്തുന്ന എഡ്യൂക്കേഷൻ ആന്റ് ടീച്ചിംഗ് മെത്തേഡ്സ് റിഫ്രഷർ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ പ്രിൻസിപ്പിലിന്റെ സാക്ഷ്യപത്രത്തോടു കൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൺ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം – 695581 എന്ന വിലാസത്തിൽ 2019 ഫെബ്രുവരി 23 ന് മുൻപ് ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. അപേക്ഷാഫോറത്തിനും വിശദവിവരങ്ങൾക്കും www.ugchrdc.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫംങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സിന് 2019 ഫെബ്രുവരി 23 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കോഴ്സ് കാലാവധി: 6 മാസം, ഫീസ്: 6000 രൂപ, അപേക്ഷാഫീസ്: 100 രൂപ. ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷാഫോറത്തിന് സർവകലാശാല സെനറ്റ് ക്യാമ്പസിലെ എസ്.ബി.ഐ ബാങ്കിൽ A/c No. 57002299878 ൽ 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ: 0471 – 2302523

തിരുവനന്തപുരം.
14.02.2019

പബ്ലിക് റിലേഷൻസ് ഓഫീസർ